# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 276 28.11.2018-ൽ മറുപടിക്ക്**

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ എത്ര ഗൈനക്കോളജിസ്റ്റ് തസ്തികകൾ നിലവിലുണ്ട്; നിലവിൽ എത്ര ഗൈനക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാകുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റുമാരുടെ രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ രണ്ട് തസ്തികകളിലും നിലവിൽ ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ലഭ്യമാണ്. |
| (ബി) ഗൈനക്കോളജിസ്റ്റിന്റെ അഭാവം നിമിത്തം രോഗികൾ മറ്റാശുപത്രികളെ ആശ്രയിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അടിസ്ഥാന സൗകര്യമുണ്ടായിട്ടും മതിയായ ഗൈനക്കോളജിസ്റ്റുകൾ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ ആരോഗ്യനയത്തിന് ആനുപാതികമായ ചികിത്സ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) ആരോഗ്യ വകുപ്പിലെ ഒഴിവുള്ള ഗൈനക്കോളജി വിഭാഗത്തിലെ തസ്തികകൾ കൗൺസിലിംഗ് മുഖേനയും സ്ഥാനക്കയറ്റം മുഖേനയും നികത്തുന്നതിനുള്ള സത്വര നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ